പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

21.07.2015-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.4251

## തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ പദ്ധതി ചെലവ്

| ചോദ്യം | ഉത്തരം |
| --- | --- |
| ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. കെ. ദാസൻ<br>ശ്രീ. ബാബു എം. പാലിശ്ശേരി | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിചെലവിൽ ഉല്പാദന മേഖലയ്ക്ക് വരുത്തുന്ന ചെലവ് തുലോം കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ബി) ഇതു സംബന്ധിച്ച് സർക്കാരിന്റെ അഭിപ്രായം അറിയിക്കാമോ;<br><br>സി) ഈ നിലയ്ക്ക്മാറ്റം വരാൻ ഉതകുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;<br><br>ഡി) ഉല്പാദന മേഖലയിലെ പദ്ധതിച്ചെലവിൽ വന്നിട്ടുള്ള കുറവ് ഗ്രാമങ്ങളുടെ സ്വയംപര്യാപ്തത എന്ന ലക്ഷ്യത്തിന് എത്രത്തോളം വിഘ്നം നിൽക്കുന്നുവെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | എ), ബി), സി) &ഡി)<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗത്തിൽ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ കൂടുതൽ സ്വാതന്ത്ര്യം നല്കിയിട്ടുണ്ട്. ഓരോ ഭരണസ്ഥാപനത്തിന്റെ ഭൂപ്രദേശത്തിന്റെയും അവിടത്തെ ജനങ്ങളുടെയും സമഗ്രവികസനവും പുരോഗതിയും ലക്ഷ്യമാക്കി പദ്ധതി തയ്യാറാക്കുന്നതിനാണ് മാർഗ്ഗരേഖ പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളത്. തദ്ദേശഭരണ സ്ഥാപനങ്ങൾ 2012-13, 2013-14 വർഷങ്ങളിൽ യഥാക്രമം മൊത്തം പദ്ധതി ചെലവിന്റെ 8.83, 8.28 ശതമാനം തുക ഉല്പാദന മേഖലയ്ക്ക് ചെലവഴിക്കുകയുണ്ടായി. 2014-15 വർഷം ഇത് 8.74 (provisional) ശതമാനമാണ്. എന്നാൽ വികസന ഫണ്ടിൽ നിന്നും അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തീരുമാനിക്കുന്ന വിഹിതം എത്രയാണോ അത്രയും തുക ഉല്പാദന മേഖലയിൽ വകയിരുത്തുന്നതിനും ചെലവഴിക്കുന്നതിനും യാതൊരു തടസ്സവും ഇല്ല. |

സെക്ഷൻ ഓഫീസർ